# <u>വനിതാദിനാഘോഷം റിപ്പോർട്ട്</u>

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മാർച്ച് 8-ാം തിയതി ഉച്ചക്ക് ശേഷം 2 മണിക്ക് സെന്റ് ജോസഫ് സ്കൂൾ ആഡിറ്റോറിയത്തിൽ വച്ച് വനിതാവേദി രൂപതാ പ്രസിഡന്റ് ശ്രീമതി സെലിൻ നെൽസന്റെ അദ്ധ്യക്ഷതയിൽ വനിതാദിനം ആഘോഷിച്ചു. അതിരൂപതയിലെ 8 ഫെറോനകളിൽ നിന്നുള്ള SHG വനിതാവേദികൾ, മത്സ്യവിപണന സ്ത്രീഫോറം എന്നിവയിൽ നിന്നുള്ള രണ്ടായിരത്തിൽ പരം സ്ത്രീകളും പാരീഷ് കൗൺസിലിൽ നിന്നുള്ള പുരുഷ പ്രതിനിധികളും ഇതിൽ പങ്കെടുത്തു. ''ശക്തിയാകാൻ ശക്തിയേകാൻ'' എന്ന് രൂപത ഈ വർഷം തെരഞ്ഞെടുത്ത മുദ്രാവാക്യത്തിൽ അധിഷ്ഠിതമായും ഐക്യരാഷ്ട്ര സഭയുടെ വനിതാദിന വിഷയമായ് ''സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേർക്കും നടക്കുന്ന അതിക്രമങ്ങൾക്കെതിരെ സ്ത്രീകളും പുരുഷന്മാരും ഒന്നിച്ച്'' എന്നതിന് ഊന്നൽ നൽകിയുമായിരുന്നു വിഷയാവതരണങ്ങൾ നടന്നത്. കേരള ഗവൺമെന്റ് ജെൻഡർ അഡ്വൈസറും, തിരുവനന്തപുരം അതിരൂപതയുടെ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റുമായ ശ്രീമതി ലിഡാ ജേക്കബ് IAS ആയിരുന്നു ഉത്ഘാടകയും മുഖ്യ അവതാരകയും. ''സ്ത്രീശക്തീകരണത്തിന് പുരുഷ പങ്കാളിത്തം'' എന്ന വിഷയത്തെ അടിസ്ഥാനമാക്കി കേരള സുസ്ഥിര നഗര വികസന പദ്ധതിയുടെ കൺസൾട്ടന്റ് ആയ ശ്രീ അജിത്ത് വെണ്ണിയൂർ സംസാരിച്ചു.

2003 മുതൽ മങ്ങി കിടന്നിരുന്ന വനിതാവേദികളുടെ പ്രവർത്തനങ്ങൾ കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ പുനരുജ്ജീവിപ്പിക്കുന്നതിന്റെയും ശക്തീകരിക്കുന്നതിന്റെയും ഭാഗമായി നടത്തിയ വനിതാവേദിയുടെ ഔദ്യോഗിക ഉത്ഘാടന കർമ്മത്തിൽ പുതുക്കിയ നിയമാവലി പ്രസിഡന്റ് സെലിൻ നെൽസന് നൽകി കൊണ്ട് കെ.ആർ.എൽ.സി.സി.യുടെ സെക്രട്ടറി വനിതാവിഭാഗത്തിന്റെ കൺവീനറുമായ ശ്രീമതി ജെയ്ൻ ആൻസിൽ ഫ്രാൻസിസ് നിർവ്വഹിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച് പെരേര, കെ.ആർ.എൽ.സി.സി. ജനറൽ സെക്രട്ടറി റവ. ഫാ. സ്റ്റീഫൻ കുളക്കായത്തിൽ, റ്റി.എസ്.എസ്.എസ്. ഡയറക്ടർ റവ. ഫാ. സാബാസ് ഇഗ്നേഷ്യസ്, കഠിനംകുളം പഞ്ചായത്ത് മെമ്പർ ശ്രീമതി ബ്ലെസി എന്നിവർ ആശംസകൾ അർപ്പിച്ചു.

കുമാരി രേഷ്മ മോഹൻ സ്ത്രീധനത്തെക്കുറിച്ച് ഒരു നൃത്താവിഷ്കാരവും, കുമാരി അശ്വതി ''കണ്ണട'' എന്ന കവിത പാരായണവും ശ്രീമതി രാജപുഷ്പം വനിതാശക്തീകരണത്തെക്കുറിച്ച് ഒരു ഗാനാലാപനവും നടത്തി.

വേദപുസ്തകത്തെ അടിസ്ഥാനമാക്കി സ്ത്രീമഹത്വത്തെക്കുറിച്ചും, ശക്തീകരണത്തെക്കുറിച്ചും തിരുവനന്തപുരം അതിരൂപ മേലദ്ധ്യക്ഷൻ അഭിവനന്ദ്യ സൂസപാക്യം മെത്രാപ്പോലീത്ത അനുഗ്രഹപ്രഭാഷണം നടത്തുകയും, മാതൃക മത്സ്യവിപണന സ്ത്രീകൾക്കുള്ള അവാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു.

സമ്മേളനത്തിന് റ്റി.എസ്.എസ്.എസ് സ്ത്രീ-ശിശു വിഭാഗം കോഡിനേറ്റർ സിസ്റ്റർ ഷെർളി സ്വാഗതവും, എസ്.എച്ച്.ജി. കോഡിനേറ്റർ ശ്രീമതി അന്നാറീറ്റ കൃതജ്ഞതയും അർപ്പിച്ചു. ദേശീയഗാനത്തോടുകൂടി സമ്മേളനം വൈകുന്നേരം 5.15-ന് പര്യവസാനിച്ചു.